കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - കേരള വനിതാ കമ്മീഷൻ - ജാഗ്രതാ സമിതികളും ജില്ലാ ജാഗ്രതാ സമിതികളും പുന : സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(എം.എസ്)നം.31/07/സാ.ക്ഷേ.വ തിയതി, തിരുവനന്തപുരം, 23-6-2007

---

പരാമർശം : (1) 28-5-04 ലെ ജി.ഒ(എം.എസ്)39/2004/സാ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.
(2) കേരള വനിതാ കമ്മീഷൻ സെക്രട്ടറിയുടെ 30-3-07 ലെ ഡി1/6918/2006/കേ.വ.ക നമ്പർ കത്ത്.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ജാഗ്രതാ സമിതികളും ജില്ലാ ജാഗ്രതാ സമിതികളും പുന : സംഘടിപ്പിച്ചിരുന്നു. കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ എസ്.ഡി.സി-ക്യാപ്ഡെക്കിന്റെ സഹായത്തോടെ സംസ്ഥാനത്തെ ആറ് ഗ്രാമപഞ്ചായത്തുകളിൽ അതത് പഞ്ചായത്തു ഭരണസമിതി നടത്തിയ മാതൃകാ ജാഗ്രതാസമിതി പ്രവർത്തനാനുഭവത്തിന്റെ വെളിച്ചത്തിൽ ജാഗ്രതാസമിതികളുടെ പ്രവർത്തനത്തെ സംബന്ധിച്ചും പുന:സംഘടനയെ സംബന്ധിച്ചും വിവിധ തലങ്ങളിൽ വിശദമായ ചർച്ച നടത്തുകയുണ്ടായി. സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും നീതിനിഷേധവും നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. അധികാരവികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കാനും, ഉണ്ടാകുന്നത് തടയാനും ജനങ്ങളുമായി ഏററവും അടുത്തു നിൽക്കുന്ന ഭരണതലം എന്ന നിലയിൽ പ്രാദേശിക സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾക്ക് കഴിയും.

ജാഗ്രതാ സമിതിയുടെ കാര്യത്തിൽ/അതിന്റെ ഘടനയുടെ കാര്യത്തിൽ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

(1) ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ വ്യത്യസ്ത സ്വഭാവം (വലിപ്പം കൊണ്ടും, പ്രവർത്തനം കൊണ്ടും) പുലർത്തുന്നതിനാൽ വ്യത്യസ്തങ്ങളായ ഘടനയും പങ്കാളിത്തവും പ്രവർത്തനരീതിയും ഇവയ്ക്ക് ഉണ്ടാവണം.

(...2)

(2) താഴെ തലത്തിൽ (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ) പ്രവർത്തിക്കുന്നതിനാൽ അതിൻെറ ഘടനയ്ക്കും, പ്രവർത്തനങ്ങൾക്കും സഹായകമായ ഘടനാസംവിധാനമാണ് വേണ്ടത്.

(3) പ്രശ്നപരിഹാരത്തിനും, പ്രശ്നങ്ങൾ ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കാനും ഉതകുന്ന തരത്തിൽ ജനകീയപങ്കാളിത്തം, സംഘനകളുടെ പങ്കാളിത്തം, രാഷ്ട്രീയപാർട്ടികളുടെ പങ്കാളിത്തം, കൂട്ടായ്മ എന്നിവ ഉറപ്പു വരുത്താൻ ഉതകുന്ന തരത്തിലാവണം ഇതിന്റെ സംഘടനാരൂപം ഉണ്ടാവേണ്ടത്.

(4) ജാഗ്രതാസമിതിയുടെ മൊത്തം സംഘാടന പ്രവർത്തനങ്ങളേയും അക്കാഡമിക് പ്രവർത്തനങ്ങളേയും സഹായിക്കാൻ ഉതകുന്ന തരത്തിലാവണം ഇതിൻെറ സംഘടനാ സംവിധാനം.

(5) എല്ലാ തലത്തിലുള്ള സംഘടനാ സംവിധാനങ്ങൾക്കും പരസ്പര ബന്ധവും, മോണിറ്റർ ചെയ്യാൻ സംവിധാനവും വേണം.

(6) എല്ലാ വനിതകളിലും, വനിതാ കമ്മീഷന്റെയും ജാഗ്രതാ സമിതിയുടേയും പ്രവർത്തനങ്ങൾ എത്താൻ ഉതകുന്ന തരത്തിൽ അവരുടെ തൊട്ടടുത്ത് അവ അനുഭവേദ്യമാക്കാൻ ഉതകുന്ന തരത്തിലാവണം ഇതിൻെറ സംഘടനാ രൂപം.

ജാഗ്രതാ സമിതിയുടെ ഏറ്റവും നല്ല ജനകീയ തലം വാർഡ് ജാഗ്രതാസമിതിയാണ്. ആയതിനാൽ എല്ലാ വിഭാഗത്തിൻേറയും പങ്കാളിത്തം ഇതിന് ഉണ്ടാവണം. അതുകൊണ്ട് തന്നെ ഇതിന് ഒരു ജനറൽ ബോഡിയും, എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ടാവണം. എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ജാഗ്രതാസമിതിയായി പ്രവർത്തിക്കേണ്ടത്.

മേൽ സാഹചര്യത്തിൽ നിലവിലുള്ള ജാഗ്രതാ സമിതികൾ പുന: സംഘടിപ്പിക്കുന്നതിനുള്ള വിശദമായ ശുപാർശകൾ പരാമർശം രണ്ടിലെ കത്ത് പ്രകാരം കേരള വനിതാ കമ്മീഷൻ സെക്രട്ടറി സർക്കാരിനു സമർപ്പിച്ചു. കേരള വനിതാ കമ്മീഷൻ സെക്രട്ടിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും കേരള വനിതാ കമ്മീഷന്റെ കണ്ണും കാതുമായി പ്രവർത്തിക്കേണ്ട ജാഗ്രതാസമിതികൾ താഴെ പറയും പ്രകാരം പുന: സംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(...3)

## I. ഗ്രാമപഞ്ചായത്തുകൾ :–

### (1) ഗ്രാമപഞ്ചായത്ത് ജാഗ്രതാസമിതി

| | | |
|---|---|---|
| (i) | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | – അദ്ധ്യക്ഷൻ |
| (ii) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | – കൺവീനർ |
| (iii) | വനിതാഗ്രാമപഞ്ചായത്ത് മെമ്പർ | – മെമ്പർ |
| (iv) | സ്ഥലത്തെ പോലീസ് സർക്കിൾ/സബ് ഇൻസ്പെക്ടർ | – മെമ്പർ |
| (v) | എസ്.സി/എസ്.ടി വിഭാഗത്തിലെ ഒരു സാമൂഹ്യ പ്രവർത്തക/ഈ വിഭാഗത്തിലെ വനിതാ പഞ്ചായത്ത് മെമ്പർ | – മെമ്പർ |
| (vi) | പ്രാഥമികാരോഗ്യകേന്ദ്രത്തിലെ(PHC) ഡോക്ടർ | – മെമ്പർ |
| (vii) | സി.ഡി.എസ് ചെയർപേഴ്സൺ | – മെമ്പർ |
| (viii) | വാർഡ്തല ജാഗ്രതാസമിതി കൺവീനർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ (വനിത) | – മെമ്പർ |
| (ix) | വനിതാ വക്കീൽ | – മെമ്പർ |

### (2) (i) പഞ്ചായത്ത്തല സഹായസമിതി :–

(എ) പഞ്ചായത്തിൻെറ കീഴിലുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും
(ബി) വാർഡ് ജാഗ്രതാസമിതി കൺവീനർമാർ
(സി) ജാഗ്രതാസമിതിയിൽ അംഗമല്ലാത്ത മററു പഞ്ചായത്തു മെമ്പർമാർ
(ഡി) പഞ്ചായത്തതിർത്തിക്കുള്ളിൽ വരുന്ന എല്ലാ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർമാർ
(ഇ) രാഷ്ട്രീയപാർട്ടി പ്രതിനിധികൾ (ഓരോ രാഷ്ട്രീയ പാർട്ടിയിൽ നിന്നും രേഖാമൂലം എത്തിപ്പെടുന്ന ഓരോരുത്തർ).
(എഫ്) വനിതാസംഘടനാ പ്രതിനിധികൾ (പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന പ്രവർത്തനപാരമ്പര്യമുള്ള സംഘടനകളിൽ നിന്ന് രേഖാമൂലം ഓരോ പ്രതിനിധികൾ)

### (ii) നിയമസഹായ സമിതി :–

പഞ്ചായത്തിൻെറ അതിർത്തിയിൽ വരുന്ന (ഇത്തരത്തിൽ ലഭ്യമല്ല എന്ന് ഉറപ്പുണ്ടെങ്കിൽ തൊട്ടടുത്ത പഞ്ചായത്തുകളിൽ നിന്ന് ആകാവുന്നതാണ്) സന്നദ്ധ മനോഭാവമുള്ള അഭിഭാഷകരെ ചേർത്ത് ലീഗൽസെൽ ഉണ്ടാക്കേണ്ടതാണ്.

## (3) വാർഡ്തല ജാഗ്രതാസമിതികൾ :-

### (i) പൊതുസമിതി (ജനറൽ ബോഡി) :

പൊതുസമിതി/ജനറൽ ബോഡിയിൽ ആകെ അംഗങ്ങൾ 30 മുതൽ 40 വരെ ആയിരിക്കും.

(എ) വാർഡ് മെമ്പർ
(ബി) വാർഡിലെ എ.ഡി.എസ് - എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഏഴുപേർ.
(സി) എസ്.സി/എസ്.ടി പ്രതിനിധികളായി രണ്ടുപേർ വീതം. ഇതിൽ ഓരോരുത്തർ സ്ത്രീകളായിരിക്കണം.
(ഡി) അംഗൻവാടി വർക്കർമാർ
(ഇ) അതാത് വാർഡുകളിലെ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, സമാജങ്ങൾ തുടങ്ങിയവയിൽ നിന്നും ഓരോ വനിതാ പ്രതിനിധികൾ.
(എഫ്) രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഓരോ പ്രതിനിധികൾ.

### (ii) നിർവഹണസമിതി (എക്സിക്യൂട്ടീവ് ബോഡി) :-

(എ) വാർഡ് മെമ്പർ - ചെയർപേഴ്സൺ
(ബി) ആ വാർഡിലെ എ.ഡി.എസിൽ നിന്നും രണ്ടു പ്രതിനിധികൾ
(സി) വനിതാസംഘടനകൾ, ഗ്രന്ഥശാലകൾ, സമാജങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ എന്നിവയെ പ്രതിനിധീകരിച്ച് ഒരാൾ.
(ഡി) രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് രണ്ടുപേർ (ഇതിൽ ഒരാൾ സ്ത്രീ ആയിരിക്കണം).
(ഇ) പൊതുസമ്മതനായ/റിട്ടയേർഡ് ആയ/വക്കീൽ/ഡോക്ടർ തുടങ്ങിയവരിൽ നിന്നും രണ്ടുപേരെ ഉൾപെടുത്തണം. (ജനറൽബോഡി അംഗം ആകണമെന്നില്ല). ഒരാൾ സ്ത്രീ ആയിരിക്കണം.
(എഫ്) അംഗൻവാടി വർക്കർ / സമിതി തെരഞ്ഞെടുക്കുന്ന ഒരു വനിതാ മെമ്പർ - കൺവീനർ

## II. മുനിസിപ്പാലിറ്റി

### (1) ജാഗ്രതാ സമിതി

(i) ചെയർപേഴ്സൺ (ചെയർപേഴ്സൺ)
(ii) സാമൂഹ്യക്ഷേമവകുപ്പ് ഉദ്യോഗസ്ഥ (കൺവീനർ)
(iii) ഒരു വനിതാ കൗൺസിലർ
(iv) സ്ഥലത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ/അദേഹം ഉത്തരവാദിത്തപ്പെടുത്തുന്ന സബ് ഇൻസ്പെക്ടർ
(v) എസ്.സി/എസ്.ടി വിഭാഗത്തിലെ ഒരു സാമൂഹ്യ പ്രവർത്തക

(...5)

(vi) ഒരു വനിതാ ഡോക്ടർ
(vii) വാർഡ്തല ജാഗ്രതാസമിതിയിലെ കൺവീനർമാരിൽ നിന്നും ഒരാൾ
(viii) സി.ഡി.എസ് ചെയർപേഴ്സൺ
(ix) സാമൂഹ്യപ്രവർത്തക
(x) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
(xi) ഒരു വനിതാ വക്കീൽ

(2) (i) മുനിസിപ്പൽ സഹായസമിതി :-

(എ) മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും
(ബി) വാർഡ് ജാഗ്രതാസമിതി കൺവീനർമാർ
(സി) ജാഗ്രതാസമിതിയിൽ അംഗമല്ലാത്ത മററു വനിതാ മുനിസിപ്പൽ കൗൺസിലർമാർ
(ഡി) രാഷ്ട്രീയപാർട്ടി പ്രതിനിധികൾ (ഓരോ രാഷ്ട്രീയ പാർട്ടിയിൽ നിന്നും രേഖാമൂലം എത്തിപ്പെടുന്ന ഓരോരുത്തർ).
(ഈ) വനിതാ സംഘടനാ പ്രതിനിധികൾ (മുനിസിപ്പാലിറ്റി തലത്തിൽ പ്രവർത്തിക്കുന്ന പ്രവർത്തനപാരമ്പര്യമുള്ള സംഘടനകളിൽ നിന്ന് രേഖാമൂലം ഓരോ പ്രതിനിധികൾ)
(എഫ്) എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും.

(ii) നിയമസഹായ സമിതി :-

മുനിസിപ്പാലിറ്റിയുടെ അതിർത്തിയിൽ വരുന്ന (ഇത്തരത്തിൽ ലഭ്യമല്ല എന്ന് ഉറപ്പുണ്ടെങ്കിൽ തൊട്ടടുത്ത പ്രദേശങ്ങളിൽ നിന്ന് ആകാവുന്നതാണ്) സന്നദ്ധ മനോഭാവമുള്ള അഭിഭാഷകരെ ചേർത്ത് ലീഗൽസെൽ ഉണ്ടാക്കേണ്ടതാണ്.

(3) മുനിസിപ്പാലിറ്റി വാർഡ്തല ജാഗ്രതാമിതികൾ

(i) പൊതുസമിതി (ജനറൽ ബോഡി) :-

പൊതുസമിതി/ജനറൽ ബോഡിയിൽ ആകെ അംഗങ്ങൾ 30 മുതൽ 40 വരെ ആയിരിക്കും.

(എ) അതാത് വാർഡിലെ കൗൺസിലർ - ചെയർപേഴ്സൺ
(ബി) വാർഡിലെ എ.ഡി.എസ് - എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ
(സി) എസ്.സി, എസ്.ടി പ്രതിനിധികളായി രണ്ടുപേർ വീതം. ഇതിൽ ഓരോരുത്തർ സ്ത്രീകളായിരിക്കണം.
(ഡി) അംഗൻവാടി വർക്കർമാർ
(ഇ) അതാത് വാർഡുകളിലെ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, സമാജങ്ങൾ തുടങ്ങിയവയിൽ നിന്നും ഓരോ പ്രതിനിധികൾ.

(...6)

(എഫ്) അതാത് വാർഡിലെ രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഓരോ പ്രതിനിധികൾ.

## (II) മുനിസിപ്പാലിറ്റി വാർഡ്തല സമിതി

(i) ആ വാർഡിന്റെ കൗൺസിലർ – ചെയർപേഴ്സൺ

(ii) ആ വാർഡിലെ എ.ഡി.എസിൽ നിന്നും രണ്ടുപേർ

(iii) കർഷക സമിതികൾ, ഗ്രന്ഥശാലകൾ, സമാജങ്ങൾ തുടങ്ങിയവയെ പ്രതിനിധീകരിച്ച് രണ്ടുപേർ (ഒരാൾ സ്ത്രീ ആയിരിക്കണം).

(iv) രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് രണ്ടുപേർ (ഒരാൾ സ്ത്രീ ആയിരിക്കണം).

(v) പൊതുസമ്മതരായ/റിട്ടയേർഡായ/ഡോക്ടർ/വക്കീൽ തുടങ്ങിയവരിൽ നിന്നും രണ്ടുപേർ (ഒരാൾ സ്ത്രീ).

(vi) ആ വാർഡിലെ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

(vii) അംഗൻവാടി വർക്കർ/സമിതി തെരഞ്ഞെടുക്കുന്ന ഒരു വനിത – കൺവീനർ

## III. കോർപ്പറേഷൻ

### (1) ജാഗ്രതാ സമിതി

(i) മേയർ – ചെയർപേഴ്സൺ

(ii) ഡെപ്യൂട്ടി മേയർ – മെമ്പർ

(iii) ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർപേഴ്സൺ – മെമ്പർ

(iv) വനിതാ വക്കീൽ – മെമ്പർ

(v) DYSP/അദ്ദേഹം ചുമതലപ്പെടുത്തുന്ന പോലീസ് സർക്കിൾ ഇൻസ്പെക്ടർ – മെമ്പർ

(vi) വനിതാ സെല്ലിലെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ – മെമ്പർ

(vii) ഒരു വനിതാ ഡോക്ടർ – മെമ്പർ

(viii) സാമൂഹ്യക്ഷേമ ഓഫീസർ (ഡെപ്യൂട്ടി ജില്ലാ ഓഫീസർ) – മെമ്പർ

(ix) എസ്.സി/എസ്.ടി വിഭാഗത്തിലെ സാമൂഹ്യപ്രവർത്തക – മെമ്പർ

(x) ഒരു സാമൂഹ്യപ്രവർത്തക – മെമ്പർ

(xi) ഒരു കൗൺസിലിംഗ് വിദഗ്ധ – മെമ്പർ

### (2) കോർപ്പറേഷൻ വാർഡ്തലസമിതി

(i) വാർഡ് കൗൺസിലർ – ചെയർപേഴ്സൺ

(ii) എ.ഡി.എസിൽ നിന്നും രണ്ടുപേർ

(iii) വിവിധ സംഘടനകളിൽ നിന്നായി രണ്ട് പ്രതിനിധികൾ (ഒരാൾ സ്ത്രീ)

(iv) രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധിയായി ഒരാൾ

(v) പൊതുസമ്മതരായ/ഡോക്ടർ/വക്കീൽ/റിട്ടയേർഡായവർ ഇവരിൽ നിന്നും രണ്ടുപേർ (ഒരാൾ സ്ത്രീ).

(vi) ആ വാർഡിലെ ആരോഗ്യപ്രവർത്തക

(vii) സ്ഥലത്തെ പോലീസ് സബ് ഇൻസ്പെക്ടർ

(viii) ICDS സൂപ്പർവൈസർ (കൺവീനർ)

## (3) (i) <u>കോർപ്പറേഷൻ വാർഡ്തല സഹായ സമിതി</u>

(എ) ടി വാർഡിൽ വരുന്ന കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും പ്രധാന ഉദ്യോഗസ്ഥർ.

(ബി) അംഗൻവാടി വർക്കർമാർ

(സി) രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ (ഓരോ രാഷ്ട്രീയ പാർട്ടിയിൽ നിന്നും രേഖാമൂലം എത്തിപ്പെടുന്ന ഓരോരുത്തർ)

(ഡി) സന്നദ്ധസംഘടനാ പ്രതിനിധികൾ (കോർപ്പറേഷൻ വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന പ്രവർത്തന പാരമ്പര്യമുള്ള സംഘടനകളിൽ നിന്നും രേഖാമൂലം ഓരോ പ്രതിനിധികൾ)

(ഇ) വാർഡ് അതിർത്തിയിൽ വരുന്ന (ഇത്തരത്തിൽ ലഭ്യമല്ല എന്ന് ഉറപ്പുണ്ടെങ്കിൽ തൊട്ടടുത്ത വാർഡിൽ നിന്ന് ആകാവുന്നതാണ്). സന്നദ്ധ മനോഭാവമുള്ള അഭിഭാഷകരെ ഇതിൽ ഉൾപ്പെടുത്തണം. (പരമാവധി മൂന്നു പേർ).

## (4) <u>ജില്ലാ ജാഗ്രതാ സമിതി</u>

| | | |
|---|---|---|
| (i) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | – ചെയർപേഴ്സൺ |
| (ii) | ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ പഞ്ചായത്ത് പ്രസിഡന്റ് | – മെമ്പർ |
| (iii) | ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ ബ്ലോക്ക് പ്രസിഡന്റ് | – മെമ്പർ |
| (iv) | മുനിസിപ്പൽ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുനിസിപ്പൽ ചെയർപേഴ്സൺ | – മെമ്പർ |
| (v) | രണ്ട് വനിതാ സാമൂഹ്യപ്രവർത്തകർ | – മെമ്പർമാർ |
| (vi) | എസ്.സി/എസ്.ടി വിഭാഗത്തിലെ സാമൂഹ്യപ്രവർത്തക | – മെമ്പർ |
| (vii) | ജില്ലാ പോലീസ് സൂപ്രണ്ട് | – മെമ്പർ |
| (viii) | റവന്യൂ ഡിവിഷണൽ ഓഫീസർ (RDO) | – മെമ്പർ |

(...8)

(ix) ഒരു വനിതാ വക്കീൽ – മെമ്പർ
(x) സാമൂഹ്യക്ഷേമവകുപ്പ് ജില്ലാ ഓഫീസർ – കൺവീനർ

സഹായസമിതികളുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയായിരിക്കും.

സഹായസമിതി

1. പൊതുസ്വഭാവമുള്ള പ്രശ്നങ്ങൾ പരിഹരിക്കുക
2. കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രോജക്ടുകൾ, സ്കീമുകൾ എന്നിവയുമായി ബന്ധിപ്പിക്കൽ.
3. പ്രചരണത്തിനും, ബോധവൽക്കരണത്തിനും, പ്രശ്നങ്ങൾ ഉണ്ടാകാത്ത അന്തരീക്ഷസൃഷ്ടിക്കും, ജാഗ്രതാസമിതിയെ സഹായിക്കുക/ പ്രവർത്തിക്കുക.
4. ജാഗ്രതാസമിതി പ്രവർത്തനം വിലയിരുത്തൽ
5. ജാഗ്രതാസമിതി പ്രവർത്തനത്തെ സഹായിക്കുക.

നിയമസഹായസമിതി

1. ജാഗ്രതാസമിതിക്ക് വേണ്ട നിയമസഹായം നൽകുക
2. സ്ത്രീകൾക്ക് വേണ്ട നിയമസഹായം നൽകുക
3. നിയമബോധന പരിപാടികൾക്ക് നേതൃത്വം നൽകുക

ജാഗ്രതാസമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതിക്കായിരിക്കും. അതിനായി ഭരണസമിതി കൂടി സ്ഥാനനിർദ്ദേശം വഴിയും അല്ലാതെയും ഇതിൽ അംഗങ്ങളാകേണ്ടവരെ നിശ്ചയിച്ച് ജാഗ്രതാസമിതിക്ക് രൂപം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

വിവിധ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ കേരള വനിതാ കമ്മീഷൻ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ഡോ.വിശ്വാസ് മേത്ത
ഗവൺമെന്റ് സെക്രട്ടറി

സെക്രട്ടറി, കേരള വനിതാ കമ്മീഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ വകുപ്പ് ഡയറക്ടർ
സോഷ്യൽ വെൽഫെയർ ഡയറക്ടർ
എല്ലാ വകുപ്പു തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും

(...9)

എല്ലാ ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർമാർക്കും
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും
സെക്രട്ടറി, പ്ലാനിംഗ് ബോർഡ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്കകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ഡി.ബി സെൽ) കേരള
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ് :

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
ആഭ്യന്തര വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സാമൂഹ്യക്ഷേമ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
നിയമ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സാമൂഹ്യക്ഷേമ വകുപ്പു സെക്രട്ടറിയുടെ സി.എ
സാമൂഹ്യക്ഷേമ വകുപ്പു അഡീഷണൽ സെക്രട്ടറിയുടെ സി.എ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ